ഉത്തരം

(എ—സി) 1996-1997-ലെ സർവ്വേ റിപ്പോർട്ടനുസരിച്ച് സംസ്ഥാനത്ത് 4082 പട്ടികവർഗ്ഗ കോളനികൾ നിലവിലുണ്ട്. അതിൽ 1650 കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ നാല് ജില്ലകൾ ഒഴികെ സംസ്ഥാനത്തെ ബാക്കി 10 ജില്ലകളിലായി ആകെ 6585 പട്ടികജാതി കോളനികൾ നിലവിലുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങളും അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. മേൽപ്പറഞ്ഞ 4 ജില്ലകളിലെ വിവരം പിന്നീട് ശേഖരിച്ചു നല്കുന്നതാണ്.

പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കായുള്ള ഹോസ്റ്റലുകളിൽ ആഹാരത്തിനുള്ള വിഹിതം

131 [3185] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികൾക്കായുള്ള ഹോസ്റ്റലുകളിൽ ഒരു കുട്ടിക്ക് ആഹാരത്തിനായി അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് അവസാനമായി പരിഷ്ക്കരിച്ചത് എന്നാണ്;

(സി) ജീവിതച്ചെലവ് വർദ്ധിച്ചതനുസരിച്ച് ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) പ്രീ-മെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് പ്രതിമാസം 500 രൂപയും, പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ കുട്ടികൾക്ക് പ്രതിമാസം 600 രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഇത് അവസാനമായി പരിഷ്ക്കരിച്ചത് 10-12-1996-ലെ (കയ്യെഴുത്ത്) നം. 63/96/പജ.പവ.വിവ. എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ്.

(സി) പരിഗണിച്ചു വരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിലെ കോർപ്പസ് ഫണ്ട്

132 [3186] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവും, സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly